## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2553 — 11. 10. 2011-ൽ മറുപടിക്കുണ്ടായിരുന്നത്

## വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വില്ലേജ് ആഫീസുകളിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ ) ഉണ്ട്. |
| (ബി) അഴിമതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം എത്ര റവന്യൂ ജീവനക്കാർക്കെതിരെ നടപടി എടുത്തു; | (ബി) 23 റവന്യൂ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) അഴിമതി തടയുന്നതിനുവേണ്ടി നിലവിലുള്ള വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വാർത്താ വിനിമയ ഉപകരണങ്ങൾ,കംപ്യൂട്ടറുകൾ, ഫോട്ടോ കോപ്പിയറുകൾ, വാഹനങ്ങൾ ഇവ വാങ്ങുന്ന കാര്യവും ഓഫീസർമാരുടെ പരിശീലനവും പരിഗണനയിലുണ്ട്. ഓരോ ജില്ലയിലേയും അഴിമതി നിരോധന വകുപ്പ് യൂണിറ്റ് മേധാവികളുടെ മേൽവിലാസവും ഫോൺ നമ്പരും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വകുപ്പു തല വിജിലൻസ് ഉദ്യോഗസ്ഥരുടെ വാർഷിക സമ്മേളനം നടത്തിവരുന്നുണ്ട്. അഴിമതിക്കെതിരെ ബോധവൽക്കരണം നടത്തിവരുന്നുണ്ട്. അഴിമതിക്കാരായ ഉദ്യോഗസ്ഥരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വിശകലനം ചെയ്യുന്നതിന് പോലീസ് സൂപ്രണ്ടിന്റെ ( ഇന്റലിജൻസ് ) മേൽ നോട്ടത്തിൽ ഒരു ഇന്റലിജൻസ് വിഭാഗം, ഡയറക്ടറുടെ ഓഫീസിലും മറ്റു ജില്ലാ യൂണിറ്റുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിന്റെ 100ദിന പരിപാടിക |

ളുടെ ഭാഗമായി അഴിമതി കണ്ടെത്താൻ സഹായിക്കുന്നവർക്ക് റിവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പിലെ അഴിമതി തടയുന്നതിനായി, ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ദക്ഷിണമേഖല, മദ്ധ്യമേഖല, ഉത്തരമേഖല അടിസ്ഥാനത്തിൽ വകുപ്പുതല വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കളക്ടറേറ്റുകളിൽ ഇൻസ്പെക്ഷൻ വിഭാഗവും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വിജിലൻസിന്റെ മിന്നൽ പരിശോധന റിപ്പോർട്ടിലെ ശുപാർശകൾ പരിഗണിച്ച് എല്ലാ വില്ലേജ് ആഫീസുകളിലേയും Personnel Cash Declaration Register സൂക്ഷിക്കുവാനും വില്ലേജ്മാനുവലിൽ അനുശാസിക്കുന്ന രജിസ്റ്ററുകളും റിക്കാർഡുകളും കൃത്യമായി സൂക്ഷിക്കേണ്ടതാണ് എന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ലാന്റ് റവന്യൂ കമ്മീഷണറെയും ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ